# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം.284 | | 21.08.2017-ൽ മറുപടിയ്ക്ക് | |
|---|---|---|---|
| സമഗ്ര ശുചിത്വ പദ്ധതി | | | |
| ചോദ്യം | | മറുപടി | |
| ശ്രീ.മുഹമ്മദ് മുഹസിൻ.പി.<br>ശ്രീ.ചിറ്റയം ഗോപകുമാർ.<br>ശ്രീമതി.ഗീതാ ഗോപി<br>ശ്രീമതി.സി.കെ.ആശ | | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി | |
| (എ) | സമഗ്ര ശുചിത്വ പദ്ധതി എന്ന പേരിൽ പദ്ധതി നടപ്പാക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) | നടപ്പിലാക്കുന്നുണ്ട്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ബഹുജന പങ്കാളിത്തം ഉറപ്പുവരുത്തി, ജൈവ മാലിന്യങ്ങളുടെ ഉറവിടത്തിലെ സംസ്കരണവും അജൈവ മാലിന്യം ശേഖരിച്ച്, സംഭരിച്ച്, റീസൈക്ലിംഗ് മേഖലകൾക്ക് കൈമാറ്റം ചെയ്യലും അതിനൊക്കെ സഹായകമായ പൊതുജന സൗഹൃദ ആസ്തികളുടെ നിർമ്മാണവും നടത്തുക വഴി, അടുത്ത അഞ്ചു വർഷത്തിനുള്ളിൽ കേരളം രാജ്യത്തിനു മാതൃകയാകത്തക്ക വിധത്തിൽ മാലിന്യമുക്തമാക്കാനാണ് ഉദ്ദേശിക്കുന്നത്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കുമോ; | (ബി) | മാലിന്യ പ്രശ്നം സമയബന്ധിതമായി പരിഹരിക്കുകയെന്ന ലക്ഷ്യത്തോടെയാണ് ഹരിതകേരളം മിഷന്റെ ഉപദൗത്യമായി ശുചിത്വ പരിപാലനവും മാലിന്യ സംസ്കരണവും ഉൾപ്പെടുത്തിയിരിക്കുന്നത്. കേരളത്തിന്റെ സവിശേഷതകളായി പ്രകീർത്തിക്കപ്പെട്ടിരുന്ന വൃത്തിയും ജലസമൃദ്ധിയും വീണ്ടെടുക്കുക, സുരക്ഷിത ഭക്ഷ്യവസ്തുക്കളുടെ ഉത്പാദനം വർദ്ധിപ്പിക്കുക എന്നിവയാണ് ഹരിതകേരളം മിഷന്റെ മുഖ്യ ലക്ഷ്യങ്ങൾ. വികേന്ദ്രീകൃത ഉറവിട ജൈവമാലിന്യ സംസ്കരണം പ്രാവർത്തികമാക്കുന്നതോടൊപ്പം ബോധവൽക്കരണവും ശുചിത്വ മാലിന്യ സംസ്കരണ സേവന സൗകര്യങ്ങളും ലഭ്യമാക്കും. ജലസ്രോതസ്സുകളിൽ മാലിന്യം നിക്ഷേപിക്കുന്നത് കർശനമായി തടയും. കുളങ്ങളും തോടുകളും ആദ്യഘട്ടത്തിൽ പുനരുജ്ജീവിപ്പിക്കുകയും രണ്ടാംഘട്ടത്തിൽ നദികൾ, കായലുകൾ തുടങ്ങി മറ്റു ജലസ്രോതസ്സുകളുടെ സംരക്ഷണവും സുസ്ഥിരമായ വിനിയോഗവും ഉറപ്പാക്കും. പച്ചക്കറികൃഷിയിലും നെല്ല്, പഴവർഗ്ഗങ്ങൾ തുടങ്ങി അടിസ്ഥാന കൃഷി ഉല്പന്നങ്ങളുടെ ജൈവകൃഷി വ്യാപകമാക്കുന്നതോടൊപ്പം കർഷകർക്ക് മെച്ചപ്പെട്ട വില ലഭിക്കത്തക്കരീതിയിൽ വിപണി സംവിധാനം പരിഷ്കരിക്കും. |
| (സി) | പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി | (സി) | നവകേരള കർമ്മ പദ്ധതിയുടെ ഭാഗമായുള്ള നാല് വികസന മിഷനുകൾ 28.09.2016-ൽ സ.ഉ(പി)നം.41/2016/ആ.സാ.വ |

| | | |
|---|---|---|
| | എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | പ്രകാരം നിലവിൽ വന്നു. ഇതിൽ ശുചിത്വം - മാലിന്യ സംസ്കരണം, കൃഷി വികസനം, ജലവിഭവ സംരക്ഷണം എന്നീ മൂന്ന് മേഖലകൾക്ക് ഊന്നൽ നൽകി കൊണ്ടുള്ളതാണ് ഹരിത കേരളം മിഷൻ. ഹരിത കേരളം മിഷൻ ഉപദൗത്യമായ ശുചിത്വ മാലിന്യ സംസ്കരണ മാർഗ്ഗനിർദ്ദേശങ്ങൾ സ.ഉ(സാധാ)നം. 2420/2017/തസ്വഭവ തീയതി 15.07.2017 പ്രകാരം പുറപ്പെടുവിച്ചു കഴിഞ്ഞു.<br><br>2016-17 സാമ്പത്തിക വർഷത്തിൽ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും പ്ലാൻ ഫണ്ടിന്റെ 10% തുക മാലിന്യ സംസ്കരണ പ്രോജക്ടുകൾക്കായി വകയിരുത്തണമെന്ന് നിർദ്ദേശിച്ചിരുന്നു. 2017-18 വർഷത്തിൽ ജി.ഒ(എം.എസ്) നം.79/2017/തസ്വഭവ, തീയതി 03.04.2017, ജി.ഒ.(എം.എസ്) നം.72/2017/തസ്വവ, തീയതി 29.03.2017 പ്രകാരവും യഥാക്രമം നഗരസഭകൾക്കും ത്രിതല പഞ്ചായത്തുകൾക്കുമുള്ള പദ്ധതി രൂപീകരണ മാർഗ്ഗരേഖ പുറപ്പെടുവിക്കുകയുണ്ടായി. പ്രസ്തുത ഉത്തരവുകളിൽ പൊതുവിഭാഗം പ്ലാൻ ഫണ്ടിൽ നിന്നും നഗരസഭകൾ 15%-വും പഞ്ചായത്തുകൾ 10% വും തുക മാലിന്യ സംസ്കരണത്തിന് ഊന്നൽ നൽകി മാറ്റി വയ്ക്കുന്നതിനായും ഉത്തരവായിട്ടുണ്ട്. അതുപോലെ ഹരിതകേരളം മിഷന്റെ ഭാഗമായ ശുചിത്വ - മാലിന്യ സംസ്കരണ ഉപമിഷൻ നിർവ്വഹണ മാർഗ്ഗരേഖ സ.ഉ(സാധാ) നം.2420/2017/തസ്വഭവ തീയതി 15.07.2017 പ്രകാരവും നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>മാലിന്യ സംസ്കരണം സംബന്ധിച്ച് നിലവിലുള്ള നിയമങ്ങൾ കർശനമായി നടപ്പിലാക്കുന്നതോടൊപ്പം മാലിന്യങ്ങൾ തെരുവോരങ്ങളിലും പൊതുസ്ഥലങ്ങളിലേക്കും വലിച്ചെറിയുന്നത് ഒഴിവാക്കുന്നതിനും ഉറവിട മാലിന്യ സംസ്കരണം ഫലപ്രദമായും കാര്യക്ഷമമായും നടപ്പിലാക്കുന്നതിന് വേണ്ട അടിയന്തിര നടപടികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിക്കുവാൻ നിർദ്ദേശം നൽകി സ.ഉ(സാധാ) നം.2511/2017/തസ്വഭവ തീയതി.22.07.2017 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സർക്കാർ സർക്കുലർ നം. 576/ഡി.സി1/16/തസ്വഭവ തീയതി 24.09.2016 പ്രകാരം പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെൻറ് റൂൾസ് 2016 ന്റെ അടിസ്ഥാനത്തിൽ പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ ഉപയോഗം നിയന്ത്രിക്കുന്നതു സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനായി പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെൻറ് ചട്ടം നടപ്പിലാക്കുന്നതിനും പ്രവർത്തനങ്ങളുടെ മോണിട്ടറിങ്ങിനുമായി സംസ്ഥാനതല മോണിറ്ററിംഗ് കമ്മറ്റി രൂപീകരിച്ചിട്ടുണ്ട്.<br><br>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സമഗ്ര മാലിന്യ പരിപാലന പദ്ധതി രൂപീകരിക്കുന്നതിനുവേണ്ടി ഹരിത കേരളം മിഷന്റെ ആഭിമുഖ്യത്തിൽ ആരംഭിച്ച പ്രത്യേക |

| | | | |
|---|---|---|---|
| | | | ക്യാമ്പയിനാണ് മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം. ആഗസ്റ്റ് 15-ന്റെ സ്വാതന്ത്ര്യദിനാഘോഷ ചടങ്ങുകൾക്കുശേഷം ബഹു.മന്ത്രിമാർ മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം പ്രഖ്യാപനം നടത്തുകയും തുടർന്ന് എല്ലാ തദ്ദേശ സ്വയംഭരണ വാർഡുകളിലും ജനങ്ങൾ സ്വയംസമർപ്പണത്തോടെ നടത്തുന്ന പ്രഖ്യാപനങ്ങളും ഉണ്ടായി. ഇതിനു മുന്നോടിയായി 2017 ആഗസ്റ്റ് 6 മുതൽ ആഗസ്റ്റ് 13 വരെ സന്നദ്ധ പ്രവർത്തകരെ പങ്കെടുപ്പിച്ചു ഗൃഹസന്ദർശനവും നിലവിലെ മാലിന്യ സംസ്കരണത്തിന്റെ അവസ്ഥാനിർണ്ണയ പഠനം നടത്തുകയും ഓരോ വീട്ടിലും സ്ഥാപനത്തിലും ഉല്പാദിപ്പിക്കപ്പെടുന്ന മാലിന്യങ്ങൾ എങ്ങനെ സംസ്കരിക്കപ്പെടുമെന്നതു സംബന്ധിച്ചും അനുയോജ്യമായ സേവന സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് പരിചയപ്പെടുത്തുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ